## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2311

23.03.2012-ൽ
മറുപടിയ്ക്ക്

### നിക്ഷേപ സൗഹൃദ കേന്ദ്രം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. പാലോട് രവി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ ഒരു നിക്ഷേപ സൗഹൃദ കേന്ദ്രമായി ബ്രാൻഡ് ചെയ്യുന്നതിനും, തെക്കെ ഇന്ത്യയിലെ ആഗോള ബിസിനസ്സ് ഹബ്ബായി മാറ്റുന്നതിനും എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;<br><br>(ബി) ഇതിനുവേണ്ടി 'എമർജിംഗ് കേരള' എന്ന ബാനറിൽ ഒരു ആഗോള സംഗമം സംഘടിപ്പിക്കുമോ ; | (എ) & (ബി)<br><br>സംസ്ഥാനത്തിന്റെ വൈവിധ്യമായ വിഭവങ്ങളും കഴിവും സാധ്യതകളും ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുവാനായി രണ്ടു വർഷത്തിലൊരിക്കൽ 'എമർജിംഗ് കേരള' എന്ന പേരിൽ ആഗോള നിക്ഷേപക സംഗമം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യ സംഗമം 2012 സെപ്റ്റംബർ മാസം 12-14 തീയതികളിൽ കൊച്ചിയിൽ വച്ച് നടത്തുന്നതാണ്. |
| (സി) എങ്കിൽ ആരുടെയൊക്കെ പങ്കാളിത്തത്തോടുകൂടിയാണ് ഇത് സംഘടിപ്പിക്കുവാനുദ്ദേശിക്കുന്നത് ; | (സി) കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയും (CII), NASSCOM ഉം ഈ സംഗമത്തിൽ സർക്കാരിന്റെ പങ്കാളികളായിരിക്കും. |
| (ഡി) ആഗോള സംഗമത്തിന് വേണ്ടി ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) എമർജിംഗ് കേരള സംഘടിപ്പിക്കുവാനായി മുഖ്യമന്ത്രി ചെയർമാനായി ഉന്നതാധികാര കമ്മിറ്റിയും, അതാത് വകുപ്പുകളുമായി ബന്ധപ്പെട്ട മന്ത്രിമാർ ചെയർമാൻമാരായി പദ്ധതി കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി-യേയും നിയമിച്ചു. എമർജിംഗ് കേരള സംസ്ഥാനത്തെ ഭാവിയിലെ നിക്ഷേപക സാധ്യതകളുള്ള 26 മേഖലകളെയും അതിൽ 10 സുപ്രധാന മേഖലകളേയും പ്രദർശിപ്പിക്കും. സർക്കാരിന്റെ വിവിധ വകുപ്പുകൾ വികസിപ്പിച്ചെടുത്ത പദ്ധതികൾ ഈ സംഗമത്തിൽ അവതരിപ്പിക്കുന്നതാണ്. |

രാജ്യത്തിനകത്തും പുറത്തുമുള്ള നിരവധി അന്താരാഷ്ട്ര പ്രശസ്തി നേടിയ സ്ഥാപനങ്ങളുടെ പങ്കാളിത്തം, വിവിധ രാഷ്ട്രങ്ങളിൽ നിന്നുള്ള ഔദ്യോഗിക പ്രതിനിധികൾ, പ്രവാസി ഇന്ത്യക്കാർ, സാങ്കേതിക വിദഗ്ധർ തുടങ്ങിയവരുടെ സാന്നിദ്ധ്യം ഉറപ്പാക്കിയിട്ടുണ്ട്. ദീർഘകാല അടിസ്ഥാനത്തിലുള്ള സാമ്പത്തിക മുന്നേറ്റത്തിന് ആവശ്യമായ കർമ്മ പദ്ധതികളും നിർദ്ദേശങ്ങളുമാണ് എമർജിംഗ് കേരള സംഗമത്തിൽ അവതരിപ്പിക്കുക. പൊതു-സ്വകാര്യ പങ്കാളിത്തത്തോടു കൂടിയ പദ്ധതികൾക്ക് പ്രാധാന്യം നൽകുന്നതാണ്. കേരളത്തിന്റെ വ്യവസായിക വളർച്ചയുതകുന്ന രീതിയിൽ സർക്കാരിന്റെ പദ്ധതികളും, നയങ്ങളും നടപ്പാക്കാനും, ചർച്ച ചെയ്യാനുമുള്ള ഒരു പൊതുവേദി സൃഷ്ടിക്കാൻ ഇതിലൂടെ സാധ്യമാകും.

സെക്ഷൻ ഓഫീസർ